# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4170 25.06.2018 -ലെ മറുപടി

**ഉമ്പൂർമുഴി ടൂറിസ്റ്റ് കേന്ദ്രത്തിന്റെ സൗന്ദര്യവൽക്കരണം**

ചോദ്യം
ശ്രീ.ബി.ഡി.ദേവസ്സി

മറുപടി
മാത്യു ടി. തോമസ്
ജലവിഭവ വകുപ്പുമന്ത്രി

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ഇറിഗേഷൻ വകുപ്പിന്റെ ചുമതലയിലുള്ളതും ടൂറിസം ഡെസ്റ്റിനേഷൻ കമ്മിറ്റിക്കു കീഴിൽ വർഷങ്ങളായി പ്രവർത്തിച്ചു വരുന്നതുമായ ഉമ്പൂർമുഴി ടൂറിസ്റ്റ് കേന്ദ്രത്തിന്റെ സൗന്ദര്യവൽക്കരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ടൂറിസം വകുപ്പ് അനുവദിച്ച പദ്ധതി നടപ്പാക്കുന്നതിന് ജലവിഭവവകുപ്പ് അനുമതി നല്കിയോ; ഇല്ലെങ്കിൽ അനുമതി നല്കാൻ അടിയന്തരനടപടി സ്വീകരിക്കുമോ; | എ) | ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 20/04/2018ൽ ചേർന്ന യോഗത്തിൽ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഉമ്പൂർമുഴി ടൂറിസം പദ്ധതിക്ക് ഇതിനകം തന്നെ വിനോദസഞ്ചാര വകുപ്പ് ഭരണാനുമതി നൽകി നടപടികൾ ആരംഭിച്ചതിനാൽ പ്രസ്തുത പദ്ധതി തുടങ്ങുവാനുള്ള തീരുമാനമായിട്ടുണ്ട്. |
| ബി) | ഉമ്പൂർമുഴിയിലെ ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള ഐ.ബി.യും മറ്റു കെട്ടിടങ്ങളും നവീകരിച്ച് ടൂറിസ്റ്റുകൾക്ക് താമസ സൗകര്യമൊരുക്കുന്നതിന് ജലവിഭവ വകുപ്പ് നടപടി സ്വീകരിക്കുമോ? | ബി) | തൃശ്ശൂർ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുമായി സഹകരിച്ച് ഉമ്പൂർമുഴി ഐ.ബിയോട് ചേർന്ന് പുതിയ ഒരു കൺവെൻഷൻ സെന്ററിന്റെ നിർമ്മാണവും ഐ.ബിയുടെ നവീകരണവും നടത്തുന്നതിനായിയുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നിലവിൽ ഉമ്പൂർമുഴി ഐ.ബിയിൽ ടൂറിസ്റ്റുകൾക്ക് താമസ സൗകര്യം ഒരുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ